# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1857 — 14.08.2017 ൽ മറുപടിക്ക്

## അർബുദ നിർണ്ണയ ക്ലിനിക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ. മുരളി : | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) പ്രാഥമിക അർബുദ നിർണ്ണയ ക്ലിനിക്കുകൾ എവിടെയൊക്കെയാണ് പ്രവർത്തിച്ചുവരുന്നത് ; | (എ) പ്രാഥമിക അർബുദ നിർണയ ക്ലിനിക്കുകൾ ആരോഗ്യ വകുപ്പിനു കീഴിലും ആർ.സി.സി -യുടെ നേതൃത്വത്തിലും, മെഡിക്കൽ കോളേജുകളിലും നിലവിലുണ്ട്. ക്യാൻസർ കെയർ പദ്ധതിയിൽ ക്യാൻസർ രോഗ ചികിത്സയോടൊപ്പം തന്നെ രോഗനിർണ്ണയവും നടത്തിവരുന്നു. പ്രധാനമായും സ്തനാർബുദം, ഗർഭാശയ ക്യാൻസർ, വദനാർബുദം എന്നിവയുടെ നിർണ്ണയമാണ് ആരോഗ്യ വകുപ്പിലൂടെ നടത്തിവരുന്നത്. ആർ.സി.സി -യുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തും, നീണ്ടകരയിലും, കോഴഞ്ചേരിയിലും, പാലക്കാട്ടും ക്യാൻസർ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന പ്രാഥമിക അർബുദ നിർണ്ണയ ക്ലിനിക്കുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത ക്ലിനിക്കുകളുടെ ഭൗതിക സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) എല്ലാ സാമ്പത്തിക വർഷവും ആരോഗ്യ വകുപ്പിന്റെ ക്യാൻസർ കെയർ പദ്ധതിയുടെ വാർഷിക ഫണ്ട് ഉപയോഗിച്ചും, കേന്ദ്രാവിഷ്കൃത പദ്ധതിയായ NPCDCS -യിലൂടെയും ജില്ലകളിലെ ക്യാൻസർ നിർണ്ണയ ചികിത്സാകേന്ദ്രങ്ങൾ സജ്ജീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യാറുണ്ട്. പരിമിതമായ ഭൗതിക സാഹചര്യങ്ങളാണ് ആരോഗ്യ വകുപ്പിന് കീഴിലുള്ള ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങളിൽ നിലവിലുള്ളത്. |
| (സി) എത്ര ഡോക്ടർമാരും മറ്റ് ആരോഗ്യപ്രവർത്തകരും ഇവിടെ പ്രവർത്തിക്കുണ്ട് ; | (സി) പരിശീലനം ലഭിച്ച 16 ഡോക്ടർമാരും, 44 നേഴ്സുമാരും, 16 [illegible] നിലവിൽ ആരോഗ്യ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) പ്രാഥമിക അർബുദ നിർണ്ണയ ക്ലിനിക്കുകൾക്കു വേണ്ടി പ്രത്യേകം ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ? | (ഡി) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ NPCDCS -യിലൂടെയും, കൂടാതെ എല്ലാ സാമ്പത്തിക വർഷവും ആരോഗ്യ വകുപ്പിന് |

| | | |
|---|---|---|
| | | ക്യാൻസർ കെയർ പദ്ധതിയുടെ വാർഷിക ഫണ്ട് ഉപയോഗിച്ച് ജില്ലകളിലെ ക്യാൻസർ നിർണ്ണയ ചികിത്സാകേന്ദ്രങ്ങൾ സജ്ജീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**തിരുവനന്തപുരം**

1. ജനറൽ ആശുപത്രി (ഡോക്ടർ പരിശീലനത്തിലാണ്)

**കൊല്ലം**

1. ജില്ലാ ആശുപത്രി
2. താലൂക്ക് ആശുപത്രി, പുനലൂർ

**പത്തനംതിട്ട**

1. ജനറൽ ആശുപത്രി
2. ജില്ലാ ആശുപത്രി, കോഴഞ്ചേരി (ആർ.സി.സി.യുടെ കീഴിൽ)

**ആലപ്പുഴ**

1. ജനറൽ ആശുപത്രി
2. ജില്ലാ ആശുപത്രി, മാവേലിക്കര

**കോട്ടയം**

1. ജില്ലാ ആശുപത്രി

**ഇടുക്കി**

1. ജില്ലാ ആശുപത്രി, തൊടുപുഴ

**എറണാകുളം**

1. ജനറൽ ആശുപത്രി
2. ജില്ലാ ആശുപത്രി വടക്കൻ പറവൂർ (ഈ വർഷം)

**തൃശ്ശൂർ**

1. ജനറൽ ആശുപത്രി
2. ജില്ലാ ആശുപത്രി, ഇരിങ്ങാലക്കുട (ഈ വർഷം)

**മലപ്പുറം**

1. ജില്ലാ ആശുപത്രി, തിരൂർ

**പാലക്കാട്**

1. ജില്ലാ ആശുപത്രി

**കോഴിക്കോട്**

1. ജില്ലാ ആശുപത്രി, വടകര (ഡോക്ടർ പരിശിലീനത്തിലാണ്)

**വയനാട്**

1. ട്രൈബൽ ഹോസ്പിറ്റൽ, നല്ലൂർ നാട്

**കണ്ണൂർ**

1. ജില്ലാ ആശുപത്രി,

**കാസറഗോഡ്**

1. ജില്ലാ ആശുപത്രി (ഡോക്ടർ പരിശീലനത്തിലാണ്)

സെക്ഷൻ ഓഫീസർ